# അകീദയിലും ഇരട്ടത്താപ്പ്
## ജമാഅത്തെ ഇസ്‌ലാമിയെ സൂക്ഷിക്കുക

അൻവർ അബൂബക്കർ

ദീൻ എന്ന അറബി പദത്തെ വളച്ചൊടിച്ചുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി നേതാക്കന്മാർ ഉണ്ടാക്കിയ ഫിത്നകൾ ചെറുതല്ല. ഇന്ത്യയിലെ മുസ്‌ലിംകൾ നിയമനിർമ്മാണത്തിനുള്ള പരമാധികാരം ഗവൺമെന്റിന് വക വച്ചുകൊടുത്തുകൊണ്ട് ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ് എന്നതായിരുന്നു അവരുടെ ഒരു വാദം. എന്നാൽ അവരുടെ പ്രസ്തുത സിദ്ധാന്തത്തിനു വിപരീതമായിക്കൊണ്ട് ഒരു ലേഖനം 1971 ജൂണിൽ പ്രബോധനം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഇന്ത്യയിലെ മുസ്‌ലിംകളിൽ ആരുംതന്നെ നിയമനിർമ്മാണത്തിനുള്ള പരമാധികാരം സർക്കാരിന് വക വച്ചുകൊടുക്കുന്നില്ലെന്നും, എന്തിനേറെ, ഇന്ദിരാഗാന്ധിയുടെ ആരാധകർപോലും അവർക്ക് പരമാധികാരം നൽകി അവർക്ക് ഇബാദത്ത് ചെയ്യുന്നില്ലെന്നും അഭിപ്രായപ്പെട്ടു. ജമാഅത്ത് നേതൃത്വം പഠിപ്പിച്ചിരുന്ന സിദ്ധാന്തത്തിന് വലിയ തിരിച്ചടിയായ ആ ലേഖനത്തെകുറിച്ച് ശൈഖ് മുഹമ്മദ് കാരക്കുന്നിന് ഇപ്രകാരം പറയേണ്ടി വന്നു:

“പ്രബോധനത്തിലെ പ്രസ്തുത വാചകം അനവധാനമാണ്. ജമാഅത്തിന്റെ വീക്ഷണവുമായോ പ്രസ്തുത വാചകം ഉൾക്കൊള്ളുന്ന ലേഖനത്തിന്റെ മൊത്തം ആശയവുമായോ പൊരുത്തപ്പെടുന്നില്ല ആ വാചകം. സ്വതന്ത്രവും പരമവുമായ നിയമനിർമാണത്തിന് മനുഷ്യർക്ക് അധികാരമുണ്ടെന്ന് വിശ്വസിക്കുന്നവർ തന്നെയാണ് രാജ്യനിവാസികളിൽ പലരും, ഭൗതികവാദികൾ വിശേഷിച്ചും. അതിനാൽ സ്വതന്ത്രമായി നിയമനിർമാണത്തിന് തങ്ങൾക്ക് പരമാധികാരമുണ്ടെന്ന് വിശ്വസിക്കുന്ന വ്യക്തികളും സംഘടനകളും സർക്കാറുകളും ത്വാഗൂത്തുകളാണെന്നും അവരെ നിരുപാധികം അനുസരിക്കൽ ശിർക്കാണെന്നും ജമാഅത്ത് വിശ്വസിക്കുന്നു.”[1]

പ്രബോധനത്തിലെ ആ ഭാഗം കേവലം ശ്രദ്ധക്കുറവാണെന്നും, ജമാഅത്തെ ഇസ്‌ലാമിയുടെ വീക്ഷണവുമായും, ആ ലേഖനത്തിന്റെ മൊത്തം ആശയവുമായും ആ ഭാഗം പൊരുത്തപ്പെടുന്നില്ലെന്നും പറഞ്ഞ് വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന ഇരട്ടത്താപ്പ് നയം സ്വീകരിക്കുകയാണ് മുഖാമുഖത്തിലൂടെ ലേഖകൻ ചെയ്യുന്നത്. എന്നാൽ ഈ അഭിപ്രായത്തോട് കെ.സി. അബ്ദുല്ല മൗലവി സ്വീകരിച്ച നിലപാട് അറിയേണ്ടത് പ്രസക്തമാണ്; അദ്ദേഹം അത് പൂർണ്ണമായും നിരാകരിക്കുകയാണ് ചെയ്തത്. ഇബാദത്ത് ഒരു സമഗ്രപഠനം എന്ന പുസ്തകത്തിൽ അതിനെ കുറിച്ച് അദ്ദേഹം സവിസ്തരം വിവരിക്കുന്നുണ്ട്. അതിങ്ങനെയാണ്:

[1] ശൈഖ് മുഹമ്മദ് കാരക്കുന്ന്, മുഖാമുഖം പേജ് 44-45

‘‘‘കേരളത്തിലുണ്ടായിരുന്ന ഇ.എം.എസ്. മന്ത്രിസഭ മദ്യവും ചൂതാട്ടവും നിയമവിധേയമാക്കുകയുണ്ടായി. പക്ഷേ, ഇ.എം.എസ്. മന്ത്രിസഭ മദ്യവും ചൂതാട്ടവും നിയമവിധേയമാക്കിയാൽ അവ ഹലാലായിത്തീരുമെന്നോ അവ ഹലാലാക്കാനുള്ള അന്തിമമായ അധികാരം ഇ.എം. എസിനുണ്ടെന്നോ ഇവിടെയുള്ള മുസ്‌ലിംകളാരും വിശ്വസിക്കുന്നില്ല. വല്ല മോഡേണിസ്റ്റുകളും അങ്ങനെ വിശ്വസിക്കുന്നുണ്ടെങ്കിൽ അവർ ഇ.എം.എസിനെ ദൈവമാക്കുക തന്നെയാണ് ചെയ്യുന്നത്. ഇതേപോലെ ഇന്ത്യയിലുള്ള മുസ്‌ലിംകളാരും ഇന്ദിരാഗാന്ധി അനുവദിക്കുന്നതെന്തും ഹലാലും നിരോധിക്കുന്നതെന്തും ഹറാമുമാണെന്ന് വിശ്വസിക്കുകയോ നിരുപാധികമായ നിയമനിർമ്മാണത്തിനുള്ള പരമാധികാരം അവർക്ക് വകവെച്ചു കൊടുക്കുകയോ ചെയ്യുന്നില്ല. അവർ നിർമ്മിക്കുന്ന ഏതു നിയമവും ദൈവികനിയമങ്ങൾ പോലെ ശാശ്വതവും അലംഘനീയവുമാണെന്നും കൂറോടും ഭക്തിയോടുംകൂടി എക്കാലത്തും മാറ്റമില്ലാതെ അനുസരിക്കപ്പെടേണ്ടതാണെന്നും ഒരിക്കലും അതിൽ ഭേദഗതി പാടില്ലെന്നും ഇവിടെ അമുസ്‌ലിംകളെന്നല്ല ഇന്ദിരാഗാന്ധിയുടെ ആരാധകർപോലും വിശ്വസിക്കുന്നില്ല. അതിനാൽ അവരൊന്നുംതന്നെ പ്രധാനമന്ത്രിയുടെ നിയമങ്ങൾ പാലിക്കുകവഴി അവർക്ക് ഇബാദത്ത് ചെയ്യുന്നില്ല. അഥവാ വല്ല മോഡേണിസ്റ്റുകളും അങ്ങനെ വിശ്വസിക്കുന്നുവെങ്കിൽ അവർ ഇന്ദിരാഗാന്ധിക്ക് ഇബാദത്ത് ചെയ്യുന്നു. ഇന്ദിരാഗാന്ധിയെ ഇലാഹാക്കുകയും ചെയ്യുന്നു. അതേപോലെ സാക്ഷാൽ ഹലാലിന്റെയും ഹറാമിന്റെയും മാനദണ്ഡം ഖുർആനും സുന്നത്തുമാണെന്നാണ് ഇന്ത്യയിലുള്ള മുസ്‌ലിംകളെല്ലാം അത്മാർത്ഥമായി വിശ്വസിക്കുന്നത്. ഇനി മോഡേണിസ്റ്റുകൾ, ജനഹിതമോ ഇന്ത്യൻ ഭരണഘടനയോ ആണ് സാക്ഷാൽ ഹലാലിന്റെയും ഹറാമിന്റെയും മാനദണ്ഡമെന്നു വിശ്വസിക്കുന്നുവെങ്കിൽ അവയെ അവർ ദീനും ശരീഅത്തുമായി അംഗീകരിക്കുകയാണെന്നതിൽ സംശയമില്ല. അവരുടെ ദൃഷ്ടിയിൽ ബ്രിട്ടീഷ് പാർലിമെണ്ടു സ്വവർഗ്ഗസംഭോഗവും ഗർഭഛിദ്രവും നിയമവിധേയമാക്കിയതിനാൽ അവ രണ്ടും ഹലാലും ദക്ഷിണാഫ്രിക്കൻ ഗവൺമെന്റ് വർഗ്ഗസമത്വം ഹറാമാക്കിയതിനാൽ അത് ഹറാമും ആയിത്തീരും.’ ഈ മറുപടിയിൽ സമർപ്പിച്ച ആശയങ്ങൾ വളരെ വ്യക്തവും ലളിതവുമാണ്. ജമാഅത്തെ ഇസ്‌ലാമി ആരംഭംമുതലേ ശക്തമായി പ്രചരിപ്പിച്ചുവരുന്ന ആശയങ്ങളാണവ. ഏതു വായനക്കാരനും സുഗ്രാഹ്യമാണ് ഈ ആശയങ്ങൾ, യോജിക്കുന്നതും യോജിക്കാത്തതും വേറെ കാര്യം.”[2]

കെ.സി. അബ്ദുല്ല മൗലവി അഭിപ്രായപ്പെട്ടതിൽ, ആരാണ് മേൽപറഞ്ഞ ആശയത്തോട് യോജിക്കുന്നത്? ആരാണിതിനോട് വിയോജിക്കുന്നത്? കേരളത്തിലെ ജമാഅത്തിന്റെ മുൻ കേരള ഹൽഖാ അമീർ ഇതിനോട് യോജിക്കുമ്പോൾ ഇപ്പോഴത്തെ അസ്സി. അമീറായ ശൈഖ് മുഹമ്മദ് കാരക്കുന്ന് ഇതിനോട് വിയോജിക്കുന്നു. കാരക്കുന്നുകാരൻ പ്രസ്തുത ഭാഗം അനവധാനം അഥവാ ശ്രദ്ധക്കുറവ് എന്ന് പറയുമ്പോൾ കെ.സി. മൗലവി അതിനെ വളരെ ലളിതവും വ്യക്തവുമായത് എന്ന് പരിചയപ്പെടുത്തുന്നു! ഇത് കേവലം ജമാഅത്ത് ഇസ്‌ലാമിയോടുള്ള വിമർശനമല്ല, മറിച്ച് ഗൗരവമായ വിഷയമായിത്തന്നെ ഇത് വായനക്കാർ എടുക്കണം. ഓരോ മുസ്‌ലിമും വളരെ പ്രധാനമായി കാണുന്ന ഒരു വിഷയമാണ് ഇബാദത്ത്, അതുപോലെത്തന്നെ ഇബാദത്ത് അല്ലാഹു അല്ലാത്തവർക്ക് ചെയ്താൽ ഉണ്ടാകുന്ന ശിർക്കും. ഇത്രയും ഗൗരവമായ ഒരു വിഷയത്തെ കുറിച്ചാണ് ജമാഅത്തെ ഇസ്‌ലാമിയുടെ രണ്ട് പ്രമുഖ നേതാക്കന്മാർ പരസ്പരവിരുദ്ധമായി പ്രതികരിക്കുന്നത്. ഇത്തരം ഇരട്ടയായ വീക്ഷണം ജമാഅത്തെ ഇസ്‌ലാമിയുടെ തനതു സ്വഭാവത്തിൽ പെട്ടതാണ് എന്നറിയാഞ്ഞിട്ടല്ല

[2] കെ.സി. അബ്ദുല്ല മൗലവി, ഇബാദത്ത് ഒരു സമഗ്ര പഠനം, പേജ് 48-49

പ്രതികരിക്കുന്നത്, പക്ഷെ വിഷയം അകീദയാണ്; തൗഹീദും ശിർക്കും വേർതിരിക്കുന്ന ഇബാദത്താണ്. കെ.സി.യുടെ ലേഖനത്തിൽ പറഞ്ഞതു പോലെ, ഇന്ത്യയിലെ മുസ്ലിംകൾ ആരും തന്നെ സർക്കാരിനെ ഇലാഹാക്കുന്നില്ല എന്ന് പറഞ്ഞതിൽ മുജാഹിദുകളും ഉൾപ്പെടുമല്ലോ. പിന്നെ എന്തിനാണ് മുജാഹിദുകൾ രാഷ്ട്രീയ ശിർക്കിന്റെ ആളുകളാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് സാധാരണ ജനങ്ങൾക്കിടയിൽ ജമാഅത്തെ ഇസ്ലാമി ആശയക്കുഴപ്പം ഉണ്ടാക്കുന്നത്?

സത്യത്തിൽ ജമാഅത്ത് പ്രചരിപ്പിക്കുന്ന ആരോപണങ്ങളെല്ലാം പ്രയോക്താക്കൾക്കു നേരെ തന്നെ തിരിച്ചടിയായിരിക്കുകയാണ്. ഒരുകാലത്ത് വോട്ടുചെയ്യൽ അനുവദനീയമല്ല എന്നുപറഞ്ഞു നടന്നവർ, ഇന്ന് അതിന്റെ സ്ഥാനപതികളായി ചമഞ്ഞ് വിലസുന്നത് അതിനുള്ള ഉദാഹരണങ്ങളിൽ ഒന്നാണ്. പക്ഷേ, കാഞ്ഞിരക്കാ പിഴിഞ്ഞാൽ തേനെടുക്കാൻ ആകില്ല എന്നറിവുള്ളത് കൊണ്ടുതന്നെ ആ മാറ്റത്തിലും ജമാഅത്തെ ഇസ്ലാമിയിൽ നിന്ന് നല്ലത് പ്രതീക്ഷിക്കാൻ വകയില്ല. അല്ലാഹുവിന്റെ പരമാധികാരവും വോട്ടിംഗുമൊക്കെയായി ബന്ധപ്പെടുത്തികൊണ്ട് മുമ്പ് പറഞ്ഞ അനേകം പ്രസ്താവനകൾ ഇവർക്ക് തിരുത്താനും വയ്യ, ജനങ്ങളുടെ മുമ്പിൽ ജനാധിപത്യസംരക്ഷകരായി ചമയുകയും വേണം. എങ്കിൽ പിന്നെ അതിനും ചില ന്യായം വേണ്ടിവരുമല്ലോ; ദാ അതുകേട്ടോളൂ:

“പ്രത്യക്ഷത്തിൽ ഇരുവിഭാഗവും ചെയ്യുന്നത് ഓരോ കാര്യമാണെങ്കിലും രണ്ടിന്റെയും അടിസ്ഥാനങ്ങൾ വ്യത്യസ്ഥങ്ങളായതിനാൽ അവയ്ക്കിടയിൽ അന്തിമ വിശകലനത്തിൽ അനല്പമായ അന്തരമുണ്ടായിരിക്കും. തിരഞ്ഞെടുപ്പിലെ വോട്ടിങ്ങിൽ സംഭവിച്ചതും അതുതന്നെ. ബാഹ്യതലത്തിൽ പ്രകടമായ അന്തരമില്ലാത്ത കാര്യങ്ങൾ പലപ്പോഴും ഇസ്ലാമിക പരിപ്രേക്ഷ്യമനുസരിച്ച് വിഭിന്ന ഫലങ്ങളുള്ളവയായിരിക്കും. ഖബർ സന്ദർശനം (സിയാറത്ത്) നടത്തുന്ന വ്യക്തിയും ഖബറാരാധകനും ചെന്നു നിൽക്കാറുള്ളത് ഒരേ സ്ഥലത്താണല്ലോ. പക്ഷേ, ഒന്ന് സുന്നത്തും മറ്റേത് ശിർക്കുമാണ്. പല പ്രവർത്തനങ്ങളിലും ഈ അന്തരം പ്രകടമാണ്. ജീവിതത്തിലുടനീളം പരമാധികാരം അല്ലാഹുവിന്ന് മാത്രമാണെന്ന് വിശ്വസിക്കുന്ന വ്യക്തി, താനുൾക്കൊള്ളുന്ന ഇസ്ലാമിക സമൂഹനേതൃത്വം ദീനിന്റെയും സമുദായത്തിന്റെയും നാടിന്റെയും ജനതയുടെയും നന്മ ലക്ഷ്യമാക്കി എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സമ്മതിദാനാവകാശം വിനിയോഗിക്കുന്നതും, രാഷ്ട്രീയത്തിൽ പരമാധികാരം ആർക്കുമാകാമെന്നും തൗഹീദും രാഷ്ട്രീയവുമായി ബന്ധമില്ലെന്നും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വ്യക്തി തന്റെ താൽപര്യത്തിനനുസരിച്ച് വോട്ട് ചെയ്യുന്നതും ഫലത്തിൽ ഒരു സ്ഥാനാർത്ഥിക്കാണെങ്കിൽപോലും അവയ്ക്കിടയിലെ അന്തരം ഇസ്ലാമിന്റെ മൗലിക സിദ്ധാന്തങ്ങളറിയുന്ന ആരെയും തെര്യപ്പെടുത്തേണ്ടതില്ല.”[3]

ജമാഅത്തിന്റെ വോട്ടിനെ ഖബർ സന്ദർശനമെന്ന സുന്നത്തിനോടും, മറ്റുള്ളവരുടേത് ഖബറാളികളോട് തേടുന്ന ഖബറാരാധകന്റെ ശിർക്കുമായി ഉപമിക്കുന്ന ലേഖകന്റെ മനഃസ്ഥിതിയിൽ പുതുമയൊന്നുമില്ല. ജമാഅത്ത് രൂപീകരണത്തിന്റെ തുടക്കം മുതൽതന്നെ മുവഹ്ഹിദുകളായ സത്യവിശ്വാസികളുടെ മേൽ ശിർക്കാരോപിച്ച് സമുദായത്തിൽ മേൽവിലാസം ഉണ്ടാക്കാൻ ശ്രമിച്ച ഇവർ ഖവാരിജുകളുടെ പിൻഗാമികളാണല്ലോ. പക്ഷെ, പ്രചരിപ്പിക്കുന്ന കാര്യത്തിൽ അല്പമെങ്കിലും ധാർമ്മികത്വം കാത്തുസൂക്ഷിക്കാനുള്ള ശ്രമമെങ്കിലും ഇല്ലാതായിപ്പോയി എന്നതും ഒരു മതിപ്പായി കൊണ്ടുനടക്കുന്നതിലാണ് നമുക്ക്

[3] ശൈഖ് മുഹമ്മദ് കാരക്കുന്ന്, വിമർശകർക്ക് മറുപടി പേജ് 52

ഖേദം. വോട്ട് ചെയ്യുന്ന സമയത്ത് യാതൊരു നിലക്കും രാജ്യത്തിന്റെ പരമാധികാരം ആർക്കുമാകാമെന്ന് വിശ്വസിക്കരുത്, കാരണം അത് ശിർക്കിൽ അകപ്പെടാനുള്ള ഇടയാകും; സ്വതന്ത്രമായി നിയമനിർമാണത്തിന് തങ്ങൾക്ക് പരമാധികാരമുണ്ടെന്ന് വിശ്വസിക്കുന്ന വ്യക്തികളും സംഘടനകളും സർക്കാറുകളും ത്വാഗൂത്തുകളാണെന്നും അവരെ നിരുപാധികം അനുസരിക്കൽ ശിർക്കാണ് [4] എന്നുമൊക്കെയുള്ള ജമാഅത്തുകാരുടെ തർബിയത്തും തസ്കിയത്തും പക്ഷെ കുല തൊടാറായപ്പോൾ തളപ്പറ്റുപോയി എന്നു പറഞ്ഞതുപോലെ തിരഞ്ഞെടുപ്പ് ത്രില്ലിൽ അണികൾ മറന്നു. അവരിൽ കുത്തിനിറക്കാൻ ശ്രമിച്ച പല ആശയങ്ങളും നേരെ ചവറ്റുകൊട്ടയിലേക്കാണ് അനുയായികൾ എറിഞ്ഞത്. കാരണം രാജ്യത്തിന്റെ (ത്വാഗൂത്തിന്റെ) പരമാധികാരം ഉയർത്തിപ്പിടിക്കാൻ തോളോടു തോൾ ചേരേണ്ട സമയം ആസന്നമായിരിക്കുന്നു എന്നും, ഇന്ത്യൻ ജനാധിപത്യത്തെ ഹൈജാക്ക് ചെയ്യാനുള്ള സാമ്രാജ്യത്വ തന്ത്രങ്ങളെ പ്രതിരോധിക്കാൻ നാം കണ്ണും കാതും തുറന്നുവെക്കണം എന്നെല്ലാമുള്ള മുദ്രാവാക്യങ്ങൾ ഇതേ നേതാക്കൻമാരിലൂടെ തന്നെ മറുവാതിൽ വഴി ഇവർക്ക് കിട്ടുകയായിരുന്നു. അല്ലാഹുവിന്റെ പരമാധികാരം സംരക്ഷിക്കാൻ ഇറങ്ങിത്തിരിച്ചവരുടെ തത്സ്വരൂപമാണ് ഇത്! മൗദൂദിയെ സംരക്ഷിക്കാനായി ഇന്നും ഒരു വശത്ത് ജനാധിപത്യത്തിനെതിരിൽ അമ്പെറിയുമ്പോൾ ലോകത്തിലെ മുഴുവൻ ജനാധിപത്യ ധ്വംസകർക്കുമെതിരിലുള്ള സമരായുധവും മുഴുവൻ ജനാധിപത്യ വിശ്വാസികൾക്കുമുള്ള സമ്മാനവുമാവണം നമ്മുടെ ബാലറ്റുകൾ എന്ന് അതേ തലച്ചോറുകൾ ഇലക്ഷൻ സീസണുകളിൽ വിളിച്ചുപറയുകയാണ്. ഇവരാണ് പോലും സമഗ്ര ഇസ്‌ലാമിന്റെ വക്താക്കൾ.!

ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കൾക്ക് ദീനിന്റെ അഖീദ എന്താണ് എന്ന് തിരിഞ്ഞിട്ടില്ല എന്നതുമാത്രമല്ല, എഴുതിവിടുന്നതും പ്രവർത്തിക്കുന്നതും എന്താണ് എന്നതുപോലും മനസിലാക്കാനുള്ള വകതിരിവും നഷ്ടപ്പെട്ടിരിക്കുന്നു. മുജാഹിദുകൾ മുമ്പേ പറയാറുള്ളതു പോലെ, കേവല രാഷ്ട്രീയ കോണിലൂടെ മാത്രം ദീനിനെ പഠിക്കാൻ ശ്രമിച്ചതാണ് ഇവരുടെ അസ്ഥിരതയുടെ മുഖ്യകാരണം. ഇജ്തിഹാദിന്റെ പേരു പറഞ്ഞ് ശിർക്കും തൗഹീദുമൊക്കെ മാറിമറഞ്ഞു വരികയാണ്. ജമാഅത്ത് നേതാക്കൾക്കിടയിൽ പോലും ആദർശപരമായുള്ള സ്ഥൈര്യം കാണുന്നില്ല എന്നത് നമ്മൾ തുടക്കത്തിൽ കണ്ടു, പിന്നെ അനുയായികളുടെ തദ്വിഷയകമായ ഘടന എങ്ങനെ ചിട്ടപ്പെടുത്താനാണ്. ഏതായാലും ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കി നിലകൊള്ളുന്ന ഈ ബിദ്ഈ പ്രസ്ഥാനം സത്യവിശ്വാസികൾക്കും അതിന്റെ പ്രബോധകർക്കും വലിയ പ്രയാസമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇവരുടെ ശർറിൽ നിന്നും നമുക്ക് അല്ലാഹുവോട് രക്ഷ ചോദിക്കാം. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

[4] ശൈഖ് മുഹമ്മദ് കാരക്കുന്ന്, മുഖാമുഖം പേജ് 44-45